പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

852/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

കേരള സംസ്ഥാനത്ത് സൂമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ
തടയുന്നതിനും നിയന്ത്രിക്കുന്നതിനും
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് എന്ന പേര് പറയാം.

(2) ഇത് 2006 ഡിസംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''സാമൂഹ്യവിരുദ്ധ പ്രവർത്തനം'' എന്നാൽ പൊതു ജനങ്ങൾക്കിടയിലോ അതിന്റെ ഏതെങ്കിലും വിഭാഗത്തിലോ എന്തെങ്കിലും സുരക്ഷിതത്വമില്ലായ്മയോ ആപത്തോ ഭയമോ, അല്ലെങ്കിൽ വ്യക്തികളുടെ സുരക്ഷിതത്ത്വത്തിനോ പൊതുജനങ്ങളുടെ സുരക്ഷിതത്ത്വത്തിനോ പൊതുജനാരോഗ്യത്തിനോ പാരിസ്ഥിതിക വ്യവസ്ഥയ്ക്കോ എന്തെങ്കിലും ഭീഷണിയോ, പൊതുഖജനാവിനോ അല്ലെങ്കിൽ പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സ്വത്തിനോ എന്തെങ്കിലും നഷ്ടമോ നാശമോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ അപ്രകാരമുള്ള രീതിയിൽ പ്രവർത്തിക്കുന്നത് എന്നർത്ഥമാകുന്നു.

(ബി) ''അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ'' എന്നാൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) ''വ്യാജ വാറ്റുകാരൻ''എന്നാൽ നിയമവിരുദ്ധമായി ഏതെങ്കിലും മദ്യമോ ലഹരി പദാർത്ഥങ്ങളോ ഉല്പാദിക്കുകയോ, സംഭരിക്കുകയോ, കടത്തികൊണ്ടു പോകുകയോ, വിൽക്കുകയോ, വിതരണം നടത്തുകയോ ചെയ്യുന്ന ഒരാൾ അല്ലെങ്കിൽ ഭാഗീകമായോ മുഴുവനായോ അപ്രകാരമുള്ള പ്രവർത്തനത്തെ അറിഞ്ഞുകൊണ്ട് പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ഡി) ''അടുത്ത ബന്ധു'' എന്നാൽ ഭർത്താവോ, ഭാര്യയോ, മാതാപിതാക്കളോ, കുട്ടികൾ അല്ലെങ്കിൽ സാഹോദരങ്ങളും അപ്രകാരമുള്ള ഭർത്താവിന്റെയോ, ഭാര്യയുടെയോ, മാതാപിതാക്കളുടെയോ, സഹോദരങ്ങളുടെയോ ഒന്നാം തലമുറയിലെ രക്തബന്ധമുള്ളവരും എന്നർത്ഥമാകുന്നതും അത്തരത്തിലുള്ള ആളുകളുടെ കുട്ടികളും അവരുടെ ഭർത്താവോ അല്ലെങ്കിൽ ഭാര്യയോ ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) ''കള്ളനോട്ട് നിർമ്മാതാവ്'' എന്നാൽ അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും കള്ള നാണയമോ നോട്ടോ നിർമ്മിക്കുകയോ, ശേഖരിച്ച് വയ്ക്കുകയോ വിതരണം നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാൾ എന്ന് അർത്ഥമാകുന്നതും, അത്തരം ഏതെങ്കിലും പ്രവർത്തനങ്ങളെ അറിഞ്ഞുകൊണ്ട് പ്രേരിപ്പിക്കുന്ന ഒരാളും ഉൾപ്പെടുന്നതാകുന്നു;

(എഫ്) ''തടങ്കൽ ഉത്തരവ്'' എന്നാൽ 3-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരുത്തരവ് എന്നർത്ഥമാകുന്നു;

(ജി) ''പാരിസ്ഥിതിക വിധ്വംസകൻ'' എന്നാൽ നേരിട്ടുള്ള ഏതെങ്കിലും പ്രവർത്തിയാൽ, സാമ്പത്തികമോ, വാണിജ്യപരമോ ആയ നേട്ടത്തിനുവേണ്ടി പരിസ്ഥിതിയുടേയോ നദികളുടേയോ സംരക്ഷണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിലോ, ഏതെങ്കിലും സ്ഥലത്ത് നിന്ന് മണൽ ഖനനം ചെയ്യുന്നത് സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിലോ, പാറപൊട്ടിക്കുന്നതോ ഖനനം നടത്തുന്നതോ ആയി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിലോ, കുറ്റം ചെയ്യുന്ന ആൾ അല്ലെങ്കിൽ വനങ്ങളുടെയോ വന്യജീവിസംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരു ആൾ എന്നർത്ഥമാകുന്നു;

(എച്ച്) ''ഡിജിറ്റൽ ഡേറ്റ പകർപ്പവകാശ അപഹർത്താവ്'' എന്നാൽ വാണിജ്യാവശ്യത്തിനായി ഏതെങ്കിലും പുസ്തകത്തിന്റെയോ, സംഗീതത്തിന്റെയോ ചലച്ചിത്രത്തിന്റേയോ കലാപരമായതോ അല്ലെങ്കിൽ ശാസ്ത്രീയപരമായതോ ആയ സൃഷ്ടിയുടെയോ പകർപ്പവകാശവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമം അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും ലംഘിക്കുന്ന ഏതെങ്കിലും ആളും, നിയമവിരുദ്ധമായ ഏതെങ്കിലും സ്വാർത്ഥ ലാഭത്തിനുവേണ്ടി ഏതെങ്കിലും കമ്പ്യൂട്ടറിലോ ഏതെങ്കിലും ഡിജിറ്റൽ നെറ്റ് വർക്കിലോ അതിന്റെ ഉപയോക്താവായ ആളിന്റെ ഐഡന്റിറ്റിയിലൂടെ ഏതെങ്കിലും ആളെയോ ഏതെങ്കിലും കമ്പ്യൂട്ടർ സിസ്റ്റത്തെയോ കബളിപ്പിച്ചുകൊണ്ട് നിയമവിരുദ്ധമായി പ്രവേശിക്കുകയും നിയമവിരുദ്ധമായി ഉപയോഗിക്കുകയും ചെയ്യുന്ന ഒരാൾ ഉൾപ്പെടുന്നതുമാകുന്നു;

(ഐ) ''മയക്കുമരുന്ന് കുറ്റവാളി'' എന്നാൽ 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിലെയോ (1985-ലെ 61-ാം കേന്ദ്ര ആക്റ്റ്) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനോ വിരുദ്ധമായി ഏതെങ്കിലും മയക്കുമരുന്ന് നിയമവിരുദ്ധമായി നട്ടുവളർത്തുകയോ ഉല്പാദിപ്പിക്കുകയോ, സംഭരിക്കുകയോ കടത്തിക്കൊണ്ട് പോകുകയോ, വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഒരാൾ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് അത്തരത്തിലുള്ള എന്തെങ്കിലും പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു.

(ജെ) ''ഗുണ്ട'' എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവൃത്തിയിൽ ഏർപ്പെടുകയോ പ്രോൽസാഹിപ്പിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും, കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പവകാശവും അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, അസാന്മാർഗ്ഗിക കുറ്റവാളി, കൊള്ള പലിശക്കാരൻ, വസ്തു കയ്യേറ്റക്കാരൻ എന്നിവർ ഉൾപ്പെടുന്നതാകുന്നു ;

(കെ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(എൽ) ''ഹവാല തട്ടിപ്പുകാരൻ'' എന്നാൽ ഏതെങ്കിലും സംഘടനയിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുന്നുവെന്ന് ന്യായമായി കരുതാവുന്ന സാഹചര്യത്തിൽ, നിയമവിരുദ്ധമായി വിദേശ കറൻസി വാങ്ങുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു;

(എം) ''വാടക ചട്ടമ്പി'' എന്നാൽ അന്യായമായി സ്വമേധയായോ മറ്റൊരാൾ മുഖേനയോ ബലപ്രയോഗം നടത്തി ഏതെങ്കിലും വ്യക്തിക്ക് ഉപദ്രവം ഉണ്ടാക്കുന്നതിന് വേണ്ടിയോ ഏതെങ്കിലും വ്യക്തിയെ കുറ്റകരമായി ഭീഷണിപ്പെടുത്തുന്നതിനുവേണ്ടിയോ, മറ്റൊരാൾക്ക് അവകാശപ്പെട്ട ഏതെങ്കിലും വസ്തുവിന് നാശം വരുത്തുന്നതിനോ, ഒരാളുടെ കൈവശമുള്ള ഏതെങ്കിലും സ്ഥാവരജംഗമ വസ്തുക്കളെ അയാളിൽ നിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുന്നതിനുവേണ്ടിയോ പണമായോ സാധനമായോ സാമ്പത്തികലാഭം കൈപ്പറ്റുന്ന ഏതൊരാളും എന്നർത്ഥമാകുന്നു.

(എൻ) ''അസാന്മാർഗ്ഗിക കുറ്റവാളി'' എന്നാൽ 1956-ലെ അസാന്മാർഗ്ഗിക പ്രവർത്തികൾ (തടയൽ) ആക്റ്റിൽ (1956-ലെ 104-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഏതെങ്കിലും കുറ്റം ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു.

(ഒ) ''കുപ്രസിദ്ധ ഗുണ്ട'' എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഏതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിക്കുന്ന ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ ചെയ്ത കുറ്റങ്ങൾക്ക് ഒരു ഗുണ്ടയെ,—

(i) 2-ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം 'ഗുണ്ട' എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ അധികാരമുള്ള കോടതിയോ ഭരണാധികാരിയോ ഒരിക്കലെങ്കിലും കുറ്റക്കാരനായി കാണുകയോ; അല്ലെങ്കിൽ

(ii) 2-ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം 'ഗുണ്ട' എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ, ഒരേ ഇടപാടിന്റെ ഭാഗമാകാത്ത രണ്ടു വ്യത്യസ്ത സംഭവങ്ങളിൽ, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതികളിന്മേൽ, അധികാരപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ നടത്തിയ ഏതെങ്കിലും പരിശോധനയിലോ അന്വേഷണത്തിലോ ഏതെങ്കിലും കുറ്റം ചെയ്തതായി കാണുന്ന അപ്രകാരമുള്ള ഗുണ്ട എന്നർത്ഥമാകുന്നു.

(പി) "കുപ്രസിദ്ധ റൗഡി" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഏതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിച്ച ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ ചെയ്ത പ്രവൃത്തികളുടെ കാരണത്താൽ,—

(i) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (i)-ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻ കീഴിൽ അപ്രകാരം തന്നെ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുള്ള ഒരു കോടതി കുറഞ്ഞത്, ഒരിക്കലെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ ; അല്ലെങ്കിൽ

(ii) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (ii)-ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻ കീഴിൽ അപ്രകാരം തന്നെ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുള്ള ഒരു കോടതി കുറഞ്ഞത്, രണ്ടു പ്രാവശ്യമെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ ; അല്ലെങ്കിൽ

(iii) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം ഒരേ ഇടപാടിന്റെ ഭാഗമാകാത്ത മൂന്നു വ്യത്യസ്ഥ സംഭവങ്ങളിൽ ചെയ്തിട്ടുണ്ടെന്ന്, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതിയിന്മേൽ ക്ഷമതയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനോ മറ്റ് ക്ഷമതയുള്ള അധികാരസ്ഥനോ നടത്തിയ പരിശോധനയിലോ അന്വേഷണത്തിലോ കണ്ടെത്തിയിട്ടുള്ളതോ ആയ ഒരാൾ എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു വ്യക്തി ചെയ്യുന്ന ഏതെങ്കിലും കുറ്റം,—

(i) കുടുംബത്തിലെ ഒരംഗമെന്ന നിലയിലുള്ള അയാളുടെ ഇടപെടലോ ഒരു കുടുംബ തർക്കമെന്ന ഒരു കാരണത്താൽ നടന്ന ഒരു സംഭവത്തിലെ കുടുംബത്തിലെ ഒരടുത്ത ബന്ധുവെന്ന നിലയിലോ ഇരുഭാഗത്തും അടുത്ത ബന്ധുക്കളുടെ കുടുംബാംഗങ്ങൾ ഉൾപ്പെട്ട ഒരു കുടുംബ ലഹളയിലോ; അല്ലെങ്കിൽ

(ii) ഒരു അയൽക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ തൊട്ടടുത്ത അയൽക്കാർ തമ്മിലുള്ള ഒരു തർക്കത്തിനാൽ നടന്ന ഒരു സംഭവത്തിലെ അയൽക്കാരന്റെ ഒരടുത്ത ബന്ധുവെന്ന നിലയിലോ ; അല്ലെങ്കിൽ

(iii) സേവനവ്യവസ്ഥകൾ സംബന്ധിച്ച് അയാളും സ്ഥാപനവും തമ്മിലുള്ള ഒരു തർക്കത്തോടുനുബന്ധിച്ചുള്ള ഒരു സംഭവത്തിൽ ഏതെങ്കിലും സ്ഥാപനത്തിലെ ഒരു ജീവനക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ ; അല്ലെങ്കിൽ

(iv) ഒരംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥി സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ, 2-ാം വകുപ്പ് (റ്റി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ വെറും സാന്നിദ്ധ്യം കൊണ്ട് എന്നാൽ പരസ്യമായ പ്രവർത്തനത്താലല്ലാതെയും, അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ പങ്കെടുക്കാതെയും ആ സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ പൊതുവായ ഇടപെടൽമൂലം, സംഭവിച്ചിട്ടുള്ള ഒരു സംഭവത്തിൽ ആ പ്രത്യേക സംഭവത്തിലുള്ള അയാളുടെ ഇടപെടൽമൂലവും ; അല്ലെങ്കിൽ

(v) ഒരംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ, 2-ാം വകുപ്പ് (റ്റി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യം കൊണ്ടും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും, അധികാരിതയുള്ള പോലീസ് ഓഫീസറെയോ, മജിസ്ട്രേറ്റിനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടിയിലെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽ കൊണ്ട് ഉണ്ടായിട്ടുള്ള ഒരു സംഭവത്തിലും ; അല്ലെങ്കിൽ

(vi) പതിനെട്ട് വയസ്സ് പൂർത്തിയാകുന്നതിനു മുമ്പ് അയാൾ ചെയ്തിട്ടുള്ള ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലവും, അയാൾ ഒരു കുപ്രസിദ്ധ റൗഡിയാണെന്ന് തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളുടെ എണ്ണം കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(ക്യു) "കൊള്ളപ്പലിശക്കാരൻ" എന്നാൽ ഒരു പണം കടം കൊടുപ്പുകാരനോ, പണം കടംകൊടുപ്പുകാരനാൽ നേരിട്ടോ അല്ലാതെയോ ഏർപ്പാടാക്കിയിട്ടുള്ള ഏതെങ്കിലും ആളോ വായ്പയുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ, അതിന്റെ ഏതെങ്കിലും ഗഡുവോ, വായ്പാ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു എടുക്കുന്നതിനോ, വായ്പാ തുക ഭാഗികമായോ മുഴുവനുമായോ അതിന്മേലുള്ള പലിശയോ ഈടാക്കുന്നതിന് വേണ്ടി ഏതെങ്കിലും വ്യക്തിക്ക് നേരെ ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതിനായി അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(ആർ) "പണം കടം കൊടുപ്പുകാരൻ" എന്നാൽ ഒരു വ്യക്തിഗത പണം കടം കൊടുപ്പുകാരൻ, അല്ലെങ്കിൽ ഏതു തരത്തിൽപ്പെട്ടതുമായ ഏതെങ്കിലും പണം കടം കൊടുക്കുന്ന സ്ഥാപനമോ എന്നർത്ഥമാകുന്നതും, എന്നാൽ ഭാരതീയ റിസർവ്വ്

ബാങ്ക് അംഗീകരിച്ച ഒരു ബാങ്കിംഗ് സ്ഥാപനമോ, 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘമോ ഉൾപ്പെടാത്തതുമാകുന്നു.

(എസ്) "വസ്തു കൈയേറ്റക്കാരൻ" എന്നാൽ സർക്കാരിനോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനത്തിനോ അല്ലെങ്കിൽ ഏതെങ്കിലും ആളിനോ അവകാശപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു, തനിക്കു വേണ്ടിയോ, അല്ലെങ്കിൽ മറ്റാർക്കെങ്കിലും വേണ്ടിയോ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്ന ഒരാൾ എന്നർത്ഥമാകുന്നതും നിയമവിരുദ്ധമായ കുടിയായ്മകളിലോ പാട്ടത്തിന്റെയും ലൈസൻസിന്റെയും കരാറുകളിലോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കളെ സംബന്ധിക്കുന്ന പ്രത്യക്ഷമായതോ പരോക്ഷമായതോ ആയ മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കൾ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനോ അതിന്മേൽ അനധികൃത എടുപ്പുകൾ നിർമ്മിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ആളിന് അറിഞ്ഞുകൊണ്ട് സാമ്പത്തിക സഹായം നൽകുകയോ അല്ലെങ്കിൽ കുറ്റകരമായ ഭീഷണി പ്പെടുത്തലിലൂടെ വാടകയോ നഷ്ടപരിഹാരമോ മറ്റേതെങ്കിലും ചാർജ്ജുകളോ അങ്ങനെയുള്ള വസ്തുക്കൾ ഏതെങ്കിലും കൈവശക്കാരിൽ നിന്നും പിരിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരാൾ, അല്ലെങ്കിൽ നിയമപരമായ നടപടിക്രമം അവലംബിക്കാതെ ബലം പ്രയോഗിച്ച് അങ്ങനെയുള്ള ഏതെങ്കിലും കൈവശക്കാരനെ ഒഴിപ്പിക്കുകയോ അല്ലെങ്കിൽ ഒഴിപ്പിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലും പ്രവർത്തികൾ ചെയ്യുന്നതിന് ഏതെങ്കിലും രീതിയിൽ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ ഉൾപ്പെടേയുമാകുന്നു ;

(ടി) "റൗഡി" എന്നാൽ ഒരാൾ സ്വന്തം നിലയിലോ, ഒരു സംഘത്തിലെ ഒരംഗമെന്ന നിലയിലോ 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) xvi, xvii & xxii എന്നീ അദ്ധ്യായങ്ങൾ പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ, 1959-ലെ ആയുധങ്ങൾ ആക്റ്റി (1959-ലെ 54-ാം കേന്ദ്ര ആക്റ്റ്) ലെയോ 1908-ലെ സ്ഫോടക വസ്തുക്കൾ ആക്റ്റി (1908-ലെ 6-ാം കേന്ദ്ര ആക്റ്റ്) ലെയോ വ്യവസ്ഥകൾ പ്രകാരമുള്ള,—

(i) ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചു വർഷത്തിൽ അധികമുള്ള തടവിനായി ശിക്ഷാർഹമായതോ ; അല്ലെങ്കിൽ

(ii) ഒരു വർഷത്തിൽ കുറഞ്ഞ തടവിന് ശിക്ഷാർഹമായത് ഒഴിവാക്കി, ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ച് വർഷത്തിൽ കുറഞ്ഞ തടവിനോ ; അല്ലെങ്കിൽ

(iii) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന (i) അല്ലെങ്കിൽ (ii) ഇനത്തിൻ കീഴിൽ വരുന്ന തത്സമയം പ്രാബല്യത്തി ലിരിക്കുന്ന മറ്റെതെങ്കിലും നിയമ പ്രകാരമുള്ള അത്തരം കുറ്റങ്ങൾ ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു.

(യു) "ആഭ്യന്തര വകുപ്പ് സെക്രട്ടറി" എന്നാൽ കേരള സർക്കാരിന്റെ ആഭ്യന്തര സെക്രട്ടറി എന്നർത്ഥമാകുന്നതും ആഭ്യന്തര സെക്രട്ടറിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാരിനാൽ നിയമിതനായ ഏതെങ്കിലും ഗവൺമെന്റ് സെക്രട്ടറിയോ, പ്രിൻസിപ്പൽ സെക്രട്ടറിയോ അഥവാ അഡീഷണൽ ചീഫ് സെക്രട്ടറിയോ ഉൾപ്പെടുന്നതുമാകുന്നു.

3. കുപ്രസിദ്ധ ഗുണ്ടകളേയും കുപ്രസിദ്ധ റൗഡികളേയും തടങ്കലിൽ വയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.—സർക്കാരിനോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻ കീഴിൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ, ഏതെങ്കിലും കുപ്രസിദ്ധ ഗുണ്ടയുടേയോ കുപ്രസിദ്ധ റൗഡിയുടേയോ ഏതെങ്കിലും പ്രവർത്തനങ്ങളെ സംബന്ധിച്ച് പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറിൽ നിന്നും ലഭിക്കുന്ന വിവരം ബോദ്ധ്യപ്പെടുന്ന പക്ഷം, അയാളെ കേരള സംസ്ഥാനത്തിനകത്ത് ഏതെങ്കിലും രീതിയിലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്നു കണ്ടാൽ, അങ്ങനെയുള്ള ആളിനെ തടങ്കലിൽ വയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) ഏതെങ്കിലും പ്രദേശത്ത് നിലവിലുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, രേഖാമൂലമുള്ള ഉത്തരവിനാൽ, അധികാരിതയുള്ള ജില്ലാ മജിസ്ട്രേറ്റിനോട് അദ്ദേഹത്തിന്റെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്ന വ്യക്തികളെ സംബന്ധിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള അധികാരപരിധിക്കുള്ളിൽ ഏതെങ്കിലും വ്യക്തി ചെയ്യുന്നതോ ചെയ്തേക്കാവുന്നതോ ആയ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തെ സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് (1)-ാം ഉപവകുപ്പിൻ കീഴിൽ അധികാരം വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(3) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (2)-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, ഉത്തരവിന്റെ പകർപ്പും ഉപോത്ബലകമായ സാമഗ്രികളും ആ വിഷയവുമായി ബന്ധമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്ന മറ്റ് വിവരങ്ങളും സഹിതം ആ വസ്തുത അദ്ദേഹം ഉടനടി സർക്കാരിനും കേരള പോലീസ് ഡയറക്ടർ ജനറലിനും റിപ്പോർട്ട് ചെയ്യേണ്ടതും, ഇതിനിടെ, സർക്കാർ അതിന് അംഗീകാരം നൽകാത്ത പക്ഷം, അങ്ങനെയുള്ള യാതൊരുത്തരവിനും അത് പുറപ്പെടുവിച്ച് അങ്ങനെയുള്ള കുപ്രസിദ്ധ ഗുണ്ടയെയോ കുപ്രസിദ്ധ റൗഡിയെയോ തടങ്കലിൽ വച്ച തീയതിമുതൽ പത്ത് ദിവസത്തിലധികം, ഗസറ്റിലെ അവധി ദിവസങ്ങൾ ഒഴിച്ച് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

4. തടങ്കൽ ഉത്തരവുകൾ നടപ്പാക്കൽ.—1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) അറസ്റ്റ് വാറണ്ടുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേരള സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും ഒരു തടങ്കൽ ഉത്തരവ് നടപ്പിലാക്കാവുന്നതാണ്.

5. തടങ്കലിനുള്ള സ്ഥലങ്ങൾ.—ഏതൊരാളിനെ സംബന്ധിച്ചാണോ തടങ്കൽ ഉത്തരവ് ഉണ്ടായിട്ടുള്ളത്, അയാളെ കേരള സംസ്ഥാനത്തിനകത്തുള്ള സെൻട്രൽ ജയിലുകളിലോ ജില്ലാ ജയിലുകളിലോ തടങ്കലിൽ ആക്കേണ്ടതും തടങ്കൽ ഉത്തരവ്

പുറപ്പെടുവിച്ച അധികാരിയുടെ ഒപ്പും സീലും ഉൾക്കൊള്ളുന്ന തടങ്കൽ ഉത്തരവിന്റെ പകർപ്പ് അങ്ങനെയുള്ള ആളിനെ ജയിലിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ബന്ധപ്പെട്ട ജയിൽ സുപ്രണ്ടിന് നൽകേണ്ടതുമാണ്.

6. ഒളിവിൽപോകുന്ന ആൾ.—ഏതൊരാളിനെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് ഉണ്ടായിട്ടുള്ളത് അയാൾ ഒളിവിലാണെങ്കിൽ, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 82, 83, 84, 85, 86 വകുപ്പുകളിലെ വ്യവസ്ഥകൾ അങ്ങനെയുള്ള ആളിനും അയാളുടെ വസ്തുവകകൾക്കും ബാധകമാകുന്നതാണ്.

7. തടങ്കൽ ഉത്തരവിന്റെ കാരണങ്ങൾ വെളിപ്പെടുത്തണമെന്ന്.—(1) ഒരു തടങ്കൽ ഉത്തരവ് അനുസരിച്ച് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ, അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തടങ്കൽ ഉത്തരവ് അയാളെ വായിച്ചു കേൾപ്പിക്കേണ്ടതും ഉത്തരവ് ഉണ്ടായതിന്റെ അടിസ്ഥാനകാരണങ്ങൾ സഹിതം അപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് അഞ്ച് ദിവസത്തിനകം അയാൾക്ക് കൊടുക്കേണ്ടതും, കൂടാതെ അയാളുടെ അറസ്റ്റിനും തടങ്കലിനും എതിരെ സർക്കാരിലേക്കും ഉപദേശക ബോർഡിലേക്കും പരാതി നൽകുവാൻ അയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണെന്നും അയാളെ രേഖാമൂലം അഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതും, ആയതിന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്.

(2) അങ്ങനെയുള്ള ആളെ തടങ്കലിൽ സൂക്ഷിക്കുന്ന ജയിലിലെ സൂപ്രണ്ട്, അയാൾക്ക് ഒരു അഭിഭാഷകന്റെ ഉപദേശം തേടുന്നതിനുള്ള എല്ലാ അവസരവും നൽകേണ്ടതും, ഉത്തരവിനെതിരെ സർക്കാരിലോ ഉപദേശക ബോർഡിലോ പരാതി കൊടുക്കുന്നതിന് ന്യായമായ എല്ലാ സഹായവും നൽകേണ്ടതുമാണ്:

എന്നാൽ, അപ്രകാരമുള്ള വെളിപ്പെടുത്തൽ ഏതെങ്കിലും രഹസ്യസ്രോതസ്സിന്റെ അടയാളം വെളിപ്പെടുത്തുന്നതോ, അല്ലെങ്കിൽ ആഭ്യന്തരസുരക്ഷയുടെയോ ദേശീയ സുരക്ഷയുടെയോ താല്പര്യത്തിന് വിപരീതമാകുകയോ ചെയ്യുന്നതാണെങ്കിൽ, തടങ്കലിലാക്കപ്പെട്ട ആളോട് അപ്രകാരമുള്ള ഏതെങ്കിലും സംഗതികൾ വെളിപ്പെടുത്തുന്നതിന് ഏതെങ്കിലും അധികാരസ്ഥാനത്തോട് ഈ വകുപ്പിലെ യാതൊന്നും ആവശ്യപ്പെടുന്നില്ല.

8. ഉപദേശക ബോർഡിന്റെ രൂപവൽക്കരണം.—(1) സർക്കാർ ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കായി ആവശ്യമായേക്കാവുന്ന ഒന്നോ അല്ലെങ്കിൽ അപ്രകാരമുള്ള എണ്ണമോ ഉപദേശക ബോർഡുകൾ വിനിർദ്ദേശിച്ചേക്കാവുന്ന അപ്രാകരമുള്ള പ്രാദേശികമോ അല്ലെങ്കിൽ പ്രവർത്തിപരമായോ ആയ അധികാരിതയോടുകൂടി, രൂപവൽക്കരിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഓരോ ബോർഡിലും ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതിയിൽ ജഡ്ജി ആയിരുന്നതോ ആയ ആൾ ചെയർമാനും, കൂടാതെ ഭാരതത്തിന്റെ ഭരണഘടനാ പ്രകാരം ഒരു ഹൈക്കോടതി ജഡ്ജി ആയി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള മറ്റ് രണ്ട് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

9. ഉപദേശക സമിതിയിലേക്കുള്ള റഫറൻസ്.—ഈ ആക്റ്റ് പ്രകാരമുള്ള തടങ്കൽ ഉത്തരവ് നൽകിയിട്ടുള്ള ഓരോ സംഗതിയിലും, സർക്കാർ ഒരാളെ തടങ്കലിൽ വച്ച തീയതി മുതൽ അഞ്ച് ആഴ്ചക്കുള്ളിൽ, ഉത്തരവ് നൽകിയതിന്റെ കാരണങ്ങളും, ഈ ഉത്തരവ് ബാധിക്കപ്പെട്ട ആൾ നൽകിയ നിവേദനം ഏതെങ്കിലുമുണ്ടെങ്കിൽ

അതും, അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നൽകിയ ഉത്തരവിന്റെ സംഗതിയിൽ, 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സഹിതം ഉപദേശക ബോർഡ് മുമ്പാകെ വയ്ക്കേണ്ടതാണ്.

10. ഉപദേശക ബോർഡിന്റെ നടപടി.—(1) ഉപദേശക ബോർഡിന്, സർക്കാരിൽ നിന്ന് കിട്ടിയ റിപ്പോർട്ടോ, അല്ലെങ്കിൽ തടങ്കലിൽ വയ്ക്കപ്പെട്ട ആളിൽ നിന്നോ അല്ലെങ്കിൽ ബാധകമാകുന്ന മറ്റേതെങ്കിലും ആളിൽ നിന്നോ കിട്ടിയ നിവേദനമോ അത് യുക്തമെന്ന് കരുതാവുന്ന അപ്രകാരമുള്ള രീതിയിൽ പരിഗണിച്ചശേഷവും, പ്രസക്തമായ രേഖകൾ ആരോടും വെളിപ്പെടുത്താതെ പരിശോധിച്ചശേഷവും അത് യുക്തമെന്ന് കരുതാവുന്ന പ്രകാരം അപ്രകാരമുള്ള ആളെ നേരിട്ട് കേട്ടതിനുശേഷവും,

(എ) ഒരാളെ തടങ്കലിൽ വയ്ക്കുന്നതിന് തടങ്കലിൽ വച്ച തീയതിയിൽ മതിയായ കാരണങ്ങൾ ഉണ്ടായിരുന്നോ ; എന്നും

(ബി) ബോർഡ് നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതിവരെ അയാളെ തുടർന്നും തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടോ എന്നും ;

അയാളെ തടങ്കലിൽ വച്ച തീയതി മുതൽ രണ്ട് മാസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(2) ഉപദേശക ബോർഡിലെ അംഗങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുന്ന പക്ഷം, ഭൂരിപക്ഷത്തിന്റെ അഭിപ്രായം, ബോർഡിന്റെ അഭിപ്രായമായി കരുതപ്പെടേണ്ടതാണ്.

11. ഉപദേശക ബോർഡിന്റെ റിപ്പോർട്ടിന്മേലുള്ള നടപടി.—(1) ഒരാളെ തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണങ്ങളുണ്ടെന്ന് ഏതെങ്കിലും സംഗതിയിൽ അതിന്റെ അഭിപ്രായത്തിൽ ഉപദേശക ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ, സർക്കാരിന് തടങ്കൽ ഉത്തരവ് സ്ഥിരീകരിക്കാവുന്നതും, 12-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പരമാവധി കാലയളവിൽ കവിയാത്ത, അവർക്ക് യുക്തമെന്ന് തോന്നുന്ന, അങ്ങനെയുള്ള കാലയളവിലേക്ക് ബന്ധപ്പെട്ട ആളിന്റെ തടങ്കൽ തുടരാവുന്നതുമാണ്.

(2) ബന്ധപ്പെട്ട ആളിനെ തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണങ്ങളില്ലെന്ന് ഏതെങ്കിലും സംഗതിയിൽ അതിന്റെ അഭിപ്രായത്തിൽ ഉപദേശക ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളിടത്ത്, സർക്കാർ തടങ്കൽ ഉത്തരവ് റദ്ദ് ചെയ്യേണ്ടതും ഉടൻതന്നെ ആ ആളെ മോചിപ്പിക്കേണ്ടതുമാണ്.

(3) യാതൊരു പബ്ലിക് സർവന്റിനേയും അയാളിൽ നിക്ഷിപ്തമായിരിക്കുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായോ, ഈ ആക്റ്റിന്റെ കീഴിൽ നടപടി എടുക്കുന്നതിന്റെ ഭാഗമായോ ഏതെങ്കിലും സാമഗ്രിയോ പ്രമാണമോ തയ്യാറാക്കുമ്പോഴോ, തടങ്കലിലാക്കപ്പെട്ടയാൾ ഉൾപ്പെട്ടതോ ശിക്ഷിക്കപ്പെട്ടതോ ആയ ഏതെങ്കിലും കുറ്റകൃത്യങ്ങളെ ഇനം തിരിക്കുമ്പോഴോ, തരം തിരിക്കുമ്പോഴോ ഉണ്ടാകുന്ന ഏതെങ്കിലും വീഴ്ചയ്ക്കോ, തെറ്റിനോ, സദുദ്ദേശത്തോടെ ചെയ്ത ഏതൊരു പ്രവൃത്തിക്കോ വീഴ്ചയ്ക്കോ യാതൊരു തരത്തിലും ശിക്ഷിക്കപ്പെടാവുന്നതല്ല.

(4) ഏതെങ്കിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ, ഏതെങ്കിലും ഒരാളെ ഈ ആക്റ്റിന്റെ വ്യവസ്ഥയിൻ കീഴിൽ തെറ്റായി ഉൾപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഏതെങ്കിലും ഒരു പ്രവർത്തിയോ വീഴ്ചയോ മനഃപൂർവ്വം ചെയ്താൽ,—

(i) തടങ്കലിന്റെ ഓരോ ദിവസത്തിനും അല്ലെങ്കിൽ തടങ്കലിന്റെ സംഗതിയിൽ അതിന്റെ ഭാഗത്തിനോ പ്രതിദിനം ആയിരം രൂപയിൽ കവിയാത്ത ഒരു തുക സർക്കാർ അപ്രകാരം ഉത്തരവിടുകയാണെങ്കിൽ സർക്കാരിലേക്ക് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും; കൂടാതെ

(ii) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ തെറ്റായി ആരോപിക്കപ്പെട്ടതുമൂലം ഏതെങ്കിലും ഒരാൾക്ക്, അയാളുടെ സാധാരണ ജോലിയിലോ, പ്രവർത്തിയിലോ ഹാജരാകുന്നതിന് തടസ്സം വന്നാൽ, ബാധിക്കപ്പെട്ട ആളിന് പ്രതിദിനം നൂറ് രൂപ നിരക്കിൽ ഓരോ ദിവസത്തേക്കും നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ ഈ ബാധ്യതകൾ, അങ്ങനെയുള്ള തെറ്റായ ആരോപണം ഉന്നയിക്കുന്ന, അങ്ങനെയുള്ള പബ്ളിക് സർവെന്റ് അപ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്ന് കാണപ്പെടുമ്പോൾ സാധാരണ നൽകുന്ന ശിക്ഷാനടപടികൾക്ക് പുറമെ ആയിരിക്കുന്നതാണ്.

12. തടങ്കലിൽ വയ്ക്കുന്നതിനുള്ള പരമാവധി കാലയളവ്.—(1) ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ളതും, 11-ാം വകുപ്പുപ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളതുമായ ഏതെങ്കിലും തടങ്കൽ ഉത്തരവ് അനുസരിച്ച് ഏതെങ്കിലും ഒരാളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് അങ്ങനെയുള്ള തടങ്കൽ തീയതി മുതൽ ആറ് മാസത്തിൽ കവിയാൻ പാടുള്ളതല്ല.

13. തടങ്കൽ ഉത്തരവ് റദ്ദ് ചെയ്യൽ.—(1) ഒരു തടങ്കൽ ഉത്തരവ്, എതു സമയത്തും, സർക്കാരിന് റദ്ദ് ചെയ്യാവുന്നതോ വ്യത്യാസപ്പെടുത്താവുന്നതോ ആണ്.

(2) ഒരു തടങ്കൽ ഉത്തരവിന്റെ റദ്ദാക്കലോ കാലാവധി അവസാനിക്കലോ ആ ആളിനെതിരെ മുമ്പ് പുറപ്പെടുവിച്ച തടങ്കൽ ഉത്തരവിന്റെ റദ്ദാക്കലിനോ കാലാവധി അവസാനിക്കലിനോ ശേഷം വെളിച്ചത്തു വന്നിട്ടുള്ള പുതിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ അതേ ആളിനെതിരെ 3-ാം വകുപ്പു പ്രകാരമുള്ള മറ്റൊരു തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തടസ്സമായിരിക്കുന്നതല്ല.

14. തടങ്കലിലുള്ള ആളുകളുടെ താൽക്കാലിക മോചനം.—സർക്കാരിന് ഏതു സമയത്തും, തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവിനനുസൃതമായി, തടവിലാക്കിയിട്ടുള്ള ഏതൊരാളെയും ഉപാധികളില്ലാതെയോ, നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികളിന്മേലോ, ഒരു ആഴ്ചയിൽ കവിയാത്ത ഒരു കാലയളവിലേക്ക് മോചിപ്പിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതും നേരത്തെ നൽകിയ അങ്ങനെയുള്ള നിർദ്ദേശം ഏതുസമയത്തും റദ്ദുചെയ്യാവുന്നതുമാണ്.

15. ചില ആളുകളുടെ സഞ്ചലനം നിയന്ത്രിച്ചുകൊണ്ട് ഉത്തരവ് നൽകുവാനുള്ള അധികാരം.—(1) അധികാരമുള്ള ജില്ലാ മജിസ്ട്രേട്ട് അല്ലെങ്കിൽ അധികാരപരിധി ഉള്ള ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ ഉള്ളതും അതിനു മുകളിലുള്ളതുമായ ഒരു പോലീസ് ഓഫീസർ, കുപ്രസിദ്ധ ഗുണ്ട അല്ലെങ്കിൽ

കുപ്രസിദ്ധ റൗഡിയെ സംബന്ധിച്ച് ലഭിച്ച വിവരത്തിന്മേൽ, അയാൾക്ക് ഒരു നോട്ടീസ് നൽകിയോ അല്ലെങ്കിൽ അയാളുടെ കേരളത്തിൽ ഏതെങ്കിലും സാധാരണ വാസസ്ഥലമുണ്ടെങ്കിൽ അവിടെ പതിച്ചോ അയാളെ കേൾക്കുവാൻ ഒരവസരം നൽകിയശേഷം അങ്ങനെയുള്ള മജിസ്ട്രേട്ടിന്റെ അല്ലെങ്കിൽ ഓഫീസറുടെ അധികാരപരിധിയിലുള്ള ഏതെങ്കിലും സ്ഥലത്ത് അയാൾ ഏതെങ്കിലും സാമൂഹിക വിരുദ്ധ പ്രവർത്തനം നടത്തുന്നുവെന്നോ അല്ലെങ്കിൽ നടത്തുവാൻ പോകുന്നുവെന്നോ, അല്ലെങ്കിൽ നടത്തുവാൻ ഇടയുണ്ടെന്നോ ബോദ്ധ്യപ്പെടുന്ന പക്ഷം അയാളെ തടയുന്നതിനുള്ള ഉദ്ദേശത്തോടെ,—

(എ) ഉത്തരവിലെ വ്യവസ്ഥകൾ അയാളെ അനുവദിക്കാവുന്നിടത്തോളം ഒഴികെ, ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും പ്രദേശമോ സ്ഥലമോ ഒരു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക് സന്ദർശിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചുകൊണ്ടും ;

(ബി) സംസ്ഥാനത്തിനകത്ത് അയാളുടെ സഞ്ചലനങ്ങളെക്കുറിച്ചുള്ള വിവരം ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയങ്ങളിലും അങ്ങനെയുള്ള അധികാരിയെ അല്ലെങ്കിൽ ആളിനെ ഒരു വർഷത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉത്തരവ് നൽകാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന്റെ കാരണങ്ങളോടുകൂടിയ ഉത്തരവിന്റെ ഒരു പകർപ്പ് പോലീസ് ഡയറക്ടർ ജനറൽ മുഖേന സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകരം പുറപ്പെടുവിച്ച ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് നൽകിയ തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം ഉപദേശക ബോർഡിന് മുമ്പാകെ നിവേദനം നൽകാവുന്നതും അങ്ങനെയുള്ള നിവേദനം ലഭിക്കുന്ന മുറയ്ക്ക്, അത് പരിഗണിച്ചും യുക്തമായ അങ്ങനെയുള്ള രീതിയിൽ വസ്തുതകളും സാഹചര്യങ്ങളും അന്വേഷിച്ച് അങ്ങനെയുള്ള നിവേദനം ലഭിച്ച് മുപ്പതു ദിവസങ്ങൾക്കകം ഉത്തരവ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ സ്ഥിരീകരിക്കുകയോ ചെയ്യേണ്ടതാണ്.

(3) സർക്കാർ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവ് പുറപ്പെടുവിച്ച അധികാരസ്ഥാനത്തിന്, അതിന് സ്വന്തമായി, ഏത് സമയത്തും ഭാഗികമായോ പൂർണ്ണമായോ ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരുത്തരവ് ലംഘിക്കുന്ന ഏതൊരാളും മൂന്ന് വർഷം വരെ ആകാവുന്ന തടവ് ശിക്ഷ ലഭിക്കാവുന്ന ഒരു കുറ്റം ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

16. <u>തടവിൽ വയ്ക്കാൻ ഉത്തരവായിട്ടുള്ള ആളുകളെ ഒളിപ്പിക്കുന്നതിനുള്ള ശിക്ഷ.</u>—3-ാം വകുപ്പ് അല്ലെങ്കിൽ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാൻ ഉത്തരവായിട്ടുണ്ടെന്ന് അറിയുന്നതോ വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതൊരാളും അങ്ങനെയുള്ള ആളെ സംരക്ഷിക്കുകയോ

ഒളിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ, മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷംവരെ ആകാവുന്നതുമായ കാലയളവിലേക്കുള്ള തടവിന് ശിക്ഷിക്കപ്പെടേണ്ടതും ആയിരം രൂപ വരെയാകാവുന്ന പിഴയ്ക്കുകൂടി അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

17. പരിശോധിക്കുന്നതിനുള്ള അധികാരങ്ങൾ.—(1) സർക്കാരിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവ് വഴി, ഏതൊരു സ്ഥലവും പരിശോധിക്കുന്നതിനും, ഏതൊരു ഉരുവോ വാഹനമോ, മൃഗത്തെയോ തടഞ്ഞുനിർത്തുവാനും പരിശോധിക്കുവാനും, സാമൂഹിക വിരുദ്ധ പ്രവർത്തനം നടത്തുവാൻ ഉപയോഗിച്ചെന്നോ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നോ ഉപയോഗിക്കുവാൻ പോകുന്നുവെന്നോ അദ്ദേഹത്തിന് വിശ്വസിക്കാൻ കാരണമുള്ള എന്തും പിടിച്ചെടുക്കുന്നതിനും, ഏതൊരു പോലീസ് ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും, അദ്ദേഹം നടത്തിയ ഏതൊരു പിടിച്ചെടുക്കലും സംബന്ധിച്ച് സർക്കാരിനോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഉടൻ തന്നെ വിശദമായ റിപ്പോർട്ട് നൽകേണ്ടതും അവരുടെ ഉത്തരവ് ലഭിക്കുന്നതുവരെ അങ്ങനെ പിടിച്ചെടുത്ത ഏതൊരു വസ്തുവും കസ്റ്റഡിയിൽ വയ്ക്കാവുന്നതും അല്ലെങ്കിൽ അതിന്റെ സുരക്ഷിതമായ സൂക്ഷിപ്പിനായി അദ്ദേഹത്തിന് ഉചിതമെന്ന് തോന്നാവുന്ന അങ്ങനെയുള്ള മറ്റ് നടപടികൾ എടുക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പിടിച്ചെടുത്ത ഏതെങ്കിലും സാധനം നശിപ്പിക്കൽ വഴിയോ, കണ്ടുകെട്ടൽ വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും വഴിയോ കയ്യൊഴിക്കുന്നതിനുവേണ്ടി, സർക്കാരിനോ, അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഉചിതമെന്നു തോന്നുന്ന അപ്രകാരമുള്ള ഉത്തരവ് നൽകാവുന്നതാണ്.

18. ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അധികാരപ്പെടുത്തിയതോ അല്ലാത്തതോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥന് എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ നൽകിയതോ നൽകിയതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഉത്തരവ് അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും നടപടികൊണ്ട് ഉണ്ടായതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും നഷ്ടത്തിന് സർക്കാരിനെതിരായി യാതൊരു വ്യവഹാരമോ, മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

19. കുറ്റങ്ങൾ കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയും ആയിരിക്കുമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയി (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന എല്ലാ കുറ്റങ്ങളും ഈ ആക്റ്റിൻ കീഴിൽ നൽകിയിട്ടുള്ള ഉത്തരവുകളുടെ മനഃപൂർവ്വമായ ലംഘനങ്ങളും കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയുമായിരിക്കുന്നതാണ്.

20. സർക്കാരിന്റെ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന രീതി.—ഈ ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ സീലോടും ഒപ്പോടും കൂടിയുള്ളതായിരിക്കേണ്ടതാണ്.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത രീതിയിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ് (2007-ലെ 44) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

സംഘടിത കുറ്റകൃത്യപ്രവർത്തനം സംസ്ഥാനത്തിന്റെയും പൗരന്മാരുടെയും സാമ്പത്തികവും ശാരീരികവുമായ സുരക്ഷയ്ക്ക് ഭീഷണിയായിത്തീർന്നിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ പുഷ്ടി പ്രാപിച്ചിട്ടുള്ളത് മുൻകൂട്ടിയുള്ള ആസൂത്രിത സംഘടന മുഖേനയും കുറ്റവാളികളുടെയും അന്യായമായ പ്രവർത്തനങ്ങൾ വഴി ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ മുഖേനയും കുറ്റകരമായ നെറ്റ്വർക്കിങ്ങിലൂടെയും ആണ്. അവർക്കെതിരെ തെളിവ് നൽകുന്നവരും അവരെ എതിർക്കുന്നവരുമായ നിയമം പാലിക്കുന്ന പൗരന്മാരെ ആക്രമിക്കുന്നതും അല്ലെങ്കിൽ ഭയപ്പെടുത്തുന്നതുമായ ഇത്തരം കുറ്റകരമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ അരക്ഷിതബോധം സൃഷ്ടിക്കുന്നതാണ്. ഇത്തരത്തിലുള്ള സംഘടിത കുറ്റവാളികൾ, ശരാശരി പൗരന്മാർക്കെതിരെയുള്ള അധികാരികളുടെ അധികാര ദുർവിനിയോഗത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിനായി സാമാന്യ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണോപാധികൾ ചൂഷണം ചെയ്തുകൊണ്ട് വിജയകരമായ അന്വേഷണത്തെയും വിജയകരമായ പ്രോസിക്യൂഷനെയും നിഷ്ഫലമാക്കുന്നു.

2. സംഘടിതമായ കുറ്റകൃത്യ പ്രവർത്തനത്തെ തടയുന്നതിനും നിയന്ത്രിക്കുന്നതിനും, നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. അതിനാൽ സംസ്ഥാനത്തെ സംഘടിത സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ നേരിടുന്നതിനും, നിന്ത്രിക്കുന്നതിനുമായി, ഒരു നിയമനിർമ്മാണം നടത്തേണ്ടത് അനുപേക്ഷണീയമായിരിക്കുന്നു.

3. ഈ സാഹചര്യത്തിൽ ക്രമസമാധാന സംരക്ഷണത്തിന് പ്രത്യേകിച്ചും സമൂഹത്തിന്റെയും സംസ്ഥാനത്തിന്റെയും വിശാല താല്പര്യങ്ങൾക്ക് ഹാനികരമായതും മൊത്തത്തിലുള്ളതും വിവിധതരത്തിലുള്ളതുമായ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ തടയുന്നതിനും വേണ്ട രീതിയിൽ നേരിടുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന് സർക്കാർ തീരുമാനിച്ചു. നിർവ്വഹണാധികാര സ്ഥാനങ്ങൾ ആക്റ്റിലെ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനുള്ള വ്യവസ്ഥകളും ഇതിൽ ചേർത്തിട്ടുണ്ട്.

4. കേരള സംസ്ഥാനത്ത്, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2006 ഡിസംബർ 13-ാം തീയതി കേരള ഗവർണ്ണർ 2006-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) ഓർഡിനൻസ്, 2006-ലെ 60-ാം നമ്പർ ഓർഡിനൻസായി വിളംബരപ്പെടുത്തുകയും, ആയത് 2006 ഡിസംബർ 13-ാം തീയതിലെ 1973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച XII-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ്, 2007 ഫെബ്രുവരി 4-ാം തീയതി 2007-ലെ 21-ാം നമ്പർ ഓർഡിനൻസായി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2007 ഫെബ്രുവരി 5-ാം തീയതിയിലെ 221-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച XII-ാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ്, 2007 മാർച്ച് 30-ാം തീയതി 2007-ലെ 30-ാം നമ്പർ ഓർഡിനൻസായി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2007 ഏപ്രിൽ 2-ാം തീയതിയിലെ 635-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച XII-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 111-ാം നമ്പരായി പ്രസിദ്ധീകരിച്ചുവെങ്കിലും പ്രസ്തുത ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ്, 2007 ജൂലൈ 30-ാം തീയതി 2007-ലെ 44-ാം നമ്പർ ഓർഡിനൻസായി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007 ജൂലൈ 30-ാം തീയതിയിലെ 1404-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. മേൽപ്പറഞ്ഞ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 8-ാം ഖണ്ഡം ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതിയിൽ ജഡ്ജി ആയിരുന്നതോ അല്ലെങ്കിൽ ഭാരതത്തിന്റെ ഭരണഘടനപ്രകാരം ഒരു ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള ഒരാൾ ചെയർമാനും മറ്റ് രണ്ട് അംഗങ്ങളും അടങ്ങിയിരിക്കുന്ന ഒന്നോ അല്ലെങ്കിൽ അപ്രകാരം എണ്ണം ഉപദേശക ബോർഡുകൾ രൂപവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ചെയർമാനും മറ്റ് അംഗങ്ങൾക്കുമുള്ള ശമ്പളം, സൗകര്യങ്ങൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ ചെലവുകൾ തുടങ്ങി ആവർത്തന ചെലവുകളുണ്ടാകുന്നതാണ്. ആയതിനാൽ, ഓരോ വർഷത്തെയും ആവർത്തന ചെലവ് 20 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒന്നോ അതിലധികമോ ഉപദേശക ബോർഡുകൾ രൂപവൽക്കരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 17-ാം ഖണ്ഡം സർക്കാരിനോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുവഴി പരിശോധന നടത്തുന്നതിന് ഏതൊരു പോലീസ് ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും അല്ലെങ്കിൽ ഉത്തരവുകൾ നൽകാവുന്നതും അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും അല്ലെങ്കിൽ സാധാരണവും അല്ലെങ്കിൽ ഭരണപരമായ സ്വഭാവത്തോടുകൂടിയതാകുന്നു. കൂടാതെ ഉത്തരവുകളും ചട്ടങ്ങളും അവ ഉണ്ടാക്കിയതിനോ പുറപ്പെടുവിച്ചതിനോ ശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കോടിയേരി ബാലകൃഷ്ണൻ.